മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

സർക്കാർ നടത്തുന്ന ഫാർമസി കോളേജുകളിൽ ജനറൽ മെറിറ്റിലേയ്ക്കുള്ള സീറ്റുകളിൽ അടിസ്ഥാന യോഗ്യതയിലെ മാർക്കിന്റെ മാത്രം അടിസ്ഥാനത്തിലും സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടുമാണ് പ്രവേശനം നടത്തുന്നത്.

രോഗ പ്രതിരോധ പദ്ധതി

*6(453) ശ്രീ. ജോസ് കുറ്റ്യാനി:
,, കെ. കെ. തോമസ്:
,, തോപ്പിൽ രവി:
,, മണിമംഗലത്ത് കുട്ട്യാലി:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ചുമതലയിൽ രോഗ പ്രതിരോധ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളാണ് തിരഞ്ഞെടുക്കപ്പെട്ടത്;

(ബി) ഈ പദ്ധതി എത്ര ശതമാനം വിജയപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഏതെല്ലാം പരിപാടികളിൽ കൂടിയാണിത് നടപ്പിലാക്കുന്നത്;

(ഡി) തിരഞ്ഞെടുക്കപ്പെട്ട ഓരോ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട എത്ര കുട്ടികൾക്ക് വീതം പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 1985-86-ൽ മുതൽ ഇടുക്കി, പാലക്കാട് എന്നീ ജില്ലകളും, 1986-87 വർഷത്തിൽ ഈ പദ്ധതി നടപ്പാക്കാനായി കൊല്ലം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഈ പദ്ധതി 1985 നവംബർ മുതൽക്കേ ഈ സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ളൂ. ഇടുക്കി, പാലക്കാട് ജില്ലകളിൽ ഏകദേശം 30 ശതമാനം അർഹരായ കുട്ടികൾക്ക് ഇതിനകം ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) മാതൃ ശിശു സംരക്ഷണ പരിപാടികളിൽ കൂടിയും സംയോജിത ശിശു വികസന പദ്ധതികളിൽകൂടിയും, യൂണിസെഫിന്റെ സഹായത്തോടുകൂടിയും ആണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിച്ച കുട്ടികളുടെ കണക്ക് താഴെ കൊടുക്കുന്നു.

		റ്റി.റ്റി.	ഡി.പി.റ്റി.	പോളിയോ	ബി.സി.ജി.
1.	പാലക്കാട് ജില്ല	10000	12500	12500	6500
2.	ഇടുക്കി	4600	4100	4100	1300

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഈ പദ്ധതി തുടങ്ങിയിട്ടില്ല.

ഹോമിയോ ആശുപത്രികളും ഇല്ലാത്ത ജില്ലകളും

*7 (454) ശ്രീ. കെ. കെ. നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ജില്ലാ ആശുപത്രി ഇല്ലാത്ത എത്ര ജില്ലകൾ സംസ്ഥാനത്തുണ്ട്;

(ബി) ഇവിടെയെല്ലാം ജില്ലാ ആശുപത്രികൾ തുടങ്ങുവാൻ സത്വര നടപടികൾ കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) മൂന്നു ജില്ലകൾ. കോഴിക്കോട്, കാസർകോട്, പത്തനംതിട്ട എന്നിവ.

(ബി) പത്തനംതിട്ട ജില്ലയിൽ ഒരു ഹോമിയോ ജില്ലാ ആശുപത്രി നടപ്പുവർഷം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സംസ്ഥാന മുസ്ലീം ജീവനക്കാർ

1 (2371) ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെന്റ് സർവ്വീസിൽ ആകെയുള്ള ജീവനക്കാരിൽ നോൺ ഗസറ്റഡ് തസ്തികയിൽ മുസ്ലീം സമുദായത്തിൽപ്പെട്ടവർ എത്ര?

ഉത്തരം

ജാതി തിരിച്ചുള്ള കണക്ക് പ്രസിദ്ധപ്പെടുത്തുന്നത് സർക്കാരിന്റെ നയമല്ലാത്തതിനാൽ അപ്രകാരമുള്ള ലിസ്റ്റ് ലഭ്യമല്ല.

Anglo Indians in the State Service

2 (2372) **Sri Stephen Padua**: Will the Chief Minister be pleased to State:

The number of Anglo-Indians in the State Service and their names and designations in the Class I, II, III & IV categories as on 31-3-1986.

Answer

The general policy of Government is not to publish caste wise list of Government Employees. Hence such a list is not available.

LIBRARY ARCHIVES Kerala Legislative Assembly